ഗൾഫിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

*20 [353] ശ്രീ. കെ. രാധാകൃഷ്ണൻ:
,, പി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ ക്യാമ്പസുകൾ ഗൾഫിൽ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇക്കാര്യത്തിൽ സർക്കാരല്ല സർവ്വകലാശാലകളാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) കേരള സർവ്വകലാശാലയുടെ 15-7-2005-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം വിദേശരാജ്യങ്ങളിൽ പഠനവകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല 2005-06 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകൃത ഏജൻസികൾ വഴി ഗൾഫ് നാടുകളിൽ ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ പരീക്ഷ, ഗൾഫ് കേന്ദ്രങ്ങളിൽ ഇന്ത്യൻ കോൺസുലേറ്റ് എംബസിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വർഷം മുതൽ (2005-06) ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എം. ജി. സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന ഓഫ് കാമ്പസ് സ് സെൻറുകൾ ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

INTERNATIONAL CENTRE

1. Advanced Studies & Training Centre, Ajman, U. A. E.
2. M. E. S. Indian School, Doha, Qatar.
3. Global Institute for Management Science, Manama, Bahrain.
4. Universel Empire Institute of Techonology, Karama, Dubai, U. A. E. (Now shifted to Knowledge Village, Dubai International City, Dubai (U.A.E.).
5. Al Yamana Institute, Near Dhanah Restaurant, Ras Salmiya, Kuwait.
6. Our International Study Centre Abudhabi, U. A. E.

കൂടാതെ രണ്ടു പുതിയ സെൻറുകൾ കൂടി ഗൾഫ് രാജ്യങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് സർവ്വകലാശാല വിദേശത്ത് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള ആക്ടിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർവ്വകലാശാലാ നിയമങ്ങളും സിലബസും സ്കീമും കർശനമായി പാലിച്ച് സർവ്വകലാശാല നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ സന്നിദ്ധ്യത്തിലും അതതു രാജ്യങ്ങളുടെ എംബസിയുടെ ഉത്തരവാദിത്തത്തിലും ആണ് കോഴ്സുകൾ നടത്തുന്നത്.

അന്ധവിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ സോഫ്റ്റ് വെയർ

* 21 [354] ശ്രീ. ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പഠന പദ്ധതി പ്രകാരം അന്ധ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷയ്ക്കായി പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തത് ആരാണ്;

(സി) ഇത് വിദ്യാഭ്യാസ വിദഗ്ദ്ധർ അംഗീകരിച്ചിരുന്നോ; എങ്കിൽ ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു.

(ഡി) ഈ സോഫ്റ്റ് വെയർ മലയാളം മീഡിയം കുട്ടികൾക്കുകൂടി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ളതാണോ;

(ഇ) കഴിഞ്ഞ വർഷം പരീക്ഷയ്ക്ക് എത്ര ദിവസം മുമ്പാണ് ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ തീരുമാനിച്ചത്;

(എഫ്) ഈ സോഫ്റ്റ് വെയറിൽ കുട്ടികൾക്ക് എത്ര ദിവസത്തെ പരിശീലനം നൽകിയെന്നും അദ്ധ്യാപകർക്ക് എത്ര ദിവസത്തെ പരിശീലനം നൽകിയെന്നും വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല. അന്ധ വിദ്യാർത്ഥികൾക്ക് സോഫ്റ്റ് വെയർ ഉപയോഗിച്ചല്ല പരീക്ഷ നടത്തിയത്. റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ ലഘുവായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ നടത്തിയത്.

(ബി—എഫ്) ഉദിക്കുന്നില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ നോൺ വൊക്കേഷണൽ കോഴ്സുകൾ

* 22 [355] ശ്രീ. എ. സി. മൊയ്തീൻ:
,, എ. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly